'ഭരണഭാഷ മാതൃഭാഷ'

# പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

നാലാം നില, വികാസ് ഭവൻ, തിരുവനന്തപുരം - 33
ഫോൺ-0471-2303229,0471-2304594 ഫാക്സ് - 0471-2302990
ഇ മെയിൽ keralatribes@gmail.com

നമ്പർ.സി1.5888/23 | തീയതി :16 /9/2023

## താല്പര്യപത്രം ക്ഷണിക്കുന്നു

പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന "സിവിൽ സർവീസ് പരിശീലന പരിപാടി"യുടെ മുന്നോടിയായി 51 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി തിരുവനന്തപുരത്ത് വച്ച് നടത്തുന്ന ഒരു മാസം ദൈർഘ്യമുള്ള "CIVIL SERVICE ORIENTATION CAMP" സംഘടിപ്പിക്കുന്നതിന് തിരുവനന്തപുരം ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന മികച്ച സിവിൽ സർവീസ് പരിശീലന സ്ഥാപനങ്ങളിൽ നിന്നും താല്പര്യപത്രം ക്ഷണിച്ച് കൊള്ളുന്നു.

## നിബന്ധനകൾ

1. താല്പര്യ പത്രം സമർപ്പിക്കുന്ന സ്ഥാപനത്തിന് സിവിൽ സർവീസ് പരിശീലന രംഗത്ത് കുറഞ്ഞത് 2 വർഷത്തെ പ്രവർത്തി പരിചയം ഉണ്ടായിരിക്കണം.
2. 51 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് താമസവും ഭക്ഷണവും ഉൾപ്പടെയാണ് ORIENTATION CAMP സംഘടിപ്പിക്കേണ്ടത്. പഠനോപകരണങ്ങളും സ്ഥാപനം തന്നെ വിതരണം ചെയ്യേണ്ടതാണ്.
3. 30 ദിവസം ദൈർഘ്യമുള്ള ORIENTATION CAMP ന്റെ പൂർണ്ണ ഉത്തരവാദിത്തം ബന്ധപ്പെട്ട സ്ഥാപനത്തിനായിരിക്കും.
4. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും സുരക്ഷിതമായ താമസ സൗകര്യം ഒരുക്കേണ്ടതാണ്.
5. പരിശീലന കേന്ദ്രത്തിൽ നിന്നും താമസ സ്ഥലത്തേയ്ക്ക് യാത്രാ സൗകര്യം ആവശ്യമെങ്കിൽ അത് ബന്ധപ്പെട്ട സ്ഥാപനം തന്നെ ഏർപ്പെടുത്തേണ്ടതാണ്.
6. 51 വിദ്യാർത്ഥികൾക്കായി ORIENTATION CAMP സംഘടിപ്പിച്ച് ഏറ്റവും മികവ് പുലർത്തുന്ന 30 വിദ്യാർത്ഥികളെ പരീക്ഷ/മോക്ക് ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് Rank List ഉം Waiting List ഉം സമർപ്പിക്കേണ്ടതാണ്.
7. താല്പര്യപത്രം സമർപ്പിക്കുന്ന സ്ഥാപനങ്ങൾ ഓരോ ഇനത്തിലും ഒരു വിദ്യാർത്ഥിക്ക് ചെലവ് വരുന്ന തുക താഴെ പറയുന്ന മാതൃകയിൽ താല്പര്യ പത്രത്തിൽ പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.

| ക്രമ നമ്പർ | ഇനം | തുക (ഒരു വിദ്യാർത്ഥിക്ക്) |
|---|---|---|
| 1 | ഭക്ഷണം | |
| 2 | താമസം | |
| 3 | പഠനോപകരണങ്ങൾ | |
| 4 | പരിശീലനം | |
| ആകെ (ഒരു വിദ്യാർത്ഥിക്ക്) | | |

8. സീൽ ചെയ്ത താല്പര്യ പത്രം സമർപ്പിക്കേണ്ട അവസാന തീയതി 23.9.2023 വൈകുന്നേരം 3.00 മണിയാണ്. അന്നേ ദിവസം 3.30 ന് തന്നെ സീൽ ചെയ്ത താല്പര്യ പത്രങ്ങൾ തുറക്കുന്നതാണ്.
9. താല്പര്യപത്രം അംഗീകരിക്കുന്നതിനും യാതൊരു കാരണവും കൂടാതെ നിരസിക്കുന്നതിനും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.
10. തെരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനങ്ങൾ 500/- രൂപ മുദ്ര പത്രത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുമായി നിബന്ധനകൾ സംബന്ധിച്ച കരാറിൽ ഒപ്പ് വെയ്ക്കേണ്ടതാണ്.

-ഒപ്പ്-
ഡയറക്ടർ
ആജ്ഞാനുസരണം

വൈ.ബിപിൻദാസ്
അസിസ്റ്റന്റ് ഡയറക്ടർ(വിദ്യാഭ്യാസം)

പകർപ്പ്:
വെബ് സൈറ്റ് (ബി1 സീറ്റ്)